**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം. 1713** **08.06.2018 ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ നിർവ്വഹണം</u>**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. കെ. വി. അബ്ദുൾ ഖാദർ**<br>**ശ്രീ. കെ. ജെ. മാക്സി**<br>**ശ്രീ. പി.ടി. എ. റഹീം** | **ഡോ. കെ. ടി. ജലീൽ**<br>**(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ എപ്രകാരമാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ തരം പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷൻ 13 ഓളം ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെ കേന്ദ്ര ബിന്ദുവാക്കുകയും വിപുലമായ ഉപഭോക്തൃ പങ്കാളിത്തത്തോടെ സോഫ്റ്റ് വെയർ തയ്യാറാക്കുകയും, സാങ്കേതിക വിദ്യയിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്.<br>• ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളിലേയും കോർപ്പറേഷനുകളിലെയും ജീവനക്കാർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ അസിസ്റ്റന്റ്മാരെ നിയോഗിച്ചിട്ടുണ്ട്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിച്ചിട്ടുള്ള മുഴുവൻ ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളെയും ഒരു കുടക്കീഴിൽ കൊണ്ട് വരുക എന്ന ഉദ്ദേശത്തോടെ ERP Solution സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ ഐ.കെ.എം. തയ്യാറാക്കി വരികയാണ്. |

| | |
|---|---|
| ബി) ഗ്രാമസഭാ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുവാൻ ഗ്രാമസഭാ പോർട്ടൽ സ്ഥാപിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ; | ബി) ഉണ്ട്., ഗ്രാമസഭകളിൽ നേരിട്ട് ഹാജരാകുന്നതിന് സാധിക്കാത്ത പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഓൺലൈൻ ആയി ഗ്രാമസഭകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ആണ് ഗ്രാമസഭാ പോർട്ടലുകൾ വഴി പ്രധാനമായും ഉദ്ദേശിക്കുന്നത്. പെതുജനങ്ങൾ/ ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലാണ് സോഫ്റ്റ് വെയർ തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണം സംബന്ധിച്ചുള്ള നിർദ്ദേശം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യവും സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള ലിങ്ക് - https://gramasabha.lsgkerala.gov.in |
| സി) ബിൽഡിംഗ് /ഡെവലപ്പ്മെന്റ് പെർമിറ്റ് സമയബന്ധിതവും സുതാര്യവുമാക്കാൻ വികസിപ്പിച്ച ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) ഏതെല്ലാം നഗരസഭകളിൽ നടപ്പാക്കിയിട്ടുണ്ട് എന്നറിയിക്കുമോ; | സി) നിലവിൽ കോഴിക്കോട് നഗരസഭയിൽ മാത്രമാണ് ഇന്റലിജന്റ് ബിൽഡിംഗ് പെർമിറ്റ് മാനേജ്മെന്റ് സിസ്റ്റം (IBPMS) സംവിധാനമുള്ളത്. |
| ഡി) തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഏതെല്ലാം സേവനങ്ങളാണ് നിലവിൽ ഓൺലൈനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

അനുബന്ധം

<u>ഓൺലൈനായി ലഭ്യമാകുന്ന സേവനങ്ങൾ</u>

| Sl No | Name of Major Services | Status |
|---|---|---|
| 1 | Property Tax e-payment | Online |
| 2 | Ownership Certificate | Online |
| 3 | Birth Reporting through hospital Kiosk | Online |
| 4 | Birth certificate issual | Online |
| 5 | Birth Certificate Name inclusion | Online |
| 6 | Death Reporting through hospital Kiosk | Online |
| 7 | Death certificate issual | Online |
| 8 | Marriage registration e-filing | Online |
| 9 | Marriage certificate issual | Online |
| 10 | Occupancy Certificate | Online |
| 11 | Building permit NOC | Online |
| 12 | Building permit application e-filing & e-payment | Online |
| 13 | Building permit issual | Online |
| 14 | Completion certificate | Online |
| 15 | Pension disbursement through DBT | Online |
| 16 | Pension status search | Online |
| 17 | Payment of Plan projects | Online |
| 18 | Immunisation SMS alert | Online |
| 19 | File tracking | Online |
| 20 | Meeting minutes Grama panchayat committee meeting | Online |
| 21 | Plan Formulation | Online |
| 22 | Gramasabha Portal | Online |
| 23 | For the people – public grievance portal | Online |

[illegible] ആഫീസർ